II ഇ.ബി. XIII- കേരള നിയമസഭ/XI- 22

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂലൈ 10, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

72(*631) ഐ.ടി.ഐ.കളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കാൻ പദ്ധതി

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, പൂർണ്ണമായും കേന്ദ്ര സഹായത്തോടെയുള്ള 'ഡൊമസ്റ്റിക് ഫണ്ടിംഗ്' പ്രകാരം 5 ഐ.ടി.ഐ. കളെയും 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമായി ലോകബാങ്ക് സഹായത്തോടെ 7 ഐ.ടി.ഐ.കളെയും പി.പി.പി. പദ്ധതി പ്രകാരം 26 ഐ.ടി.ഐ. കളെയും ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പി.പി.പി. പദ്ധതിയിൽ ഓരോ ഐ.ടി.ഐ.ക്കും 2.5 കോടി രൂപ വീതം പലിശ രഹിത വായ്പയായി കേന്ദ്ര സർക്കാർ നൽകുകയും ലോകബാങ്ക് പദ്ധതി നടത്തിപ്പിനായി സംസ്ഥാന വിഹിതമായി 8.48 കോടി രൂപ വകയിരുത്തുകയും ഈ പദ്ധതിയുടെ കാലാവധി 2014 നവംബർ 30 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കൺസൾട്ടന്റിനെ നിയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ കോഴിക്കോട് വനിതാ ഐ.റ്റി.ഐ., തിരുവനന്തപുരം ചാക്ക ഐ.റ്റി.ഐ. എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനോടൊപ്പം സംസ്ഥാനത്തെ എല്ലാ ഐ.റ്റി.ഐ. കളേയും അത്തരത്തിൽ മാറ്റിയെടുക്കുന്നതിന് ശ്രമിക്കുന്നതുമാണ്. ഐ.റ്റി.ഐ. കോഴ്സുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്ന തരത്തിൽ സിലബസിൽ ആവശ്യമായ മാറ്റം വരുത്തുന്ന കാര്യം ആലോചിക്കുന്നതാണ്. ഐ.റ്റി.ഐ.കളിൽ പ്ലേസ്മെന്റ് സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതോടൊപ്പം എൻ.സി.വി.റ്റി നടത്തുന്ന തൊഴിൽ സാധ്യതയില്ലാത്ത കോഴ്സുകൾ നിർത്തലാക്കുന്നതുമാണ്. സ്കിൽ എക്സലൻസിന്റെ ഭാഗമായി ഇന്റർനാഷണൽ സ്റ്റാൻഡേർഡിൽ ‘ഇന്റർനാഷണൽ സ്കിൽ സിറ്റി’ മൂന്ന് മാസങ്ങൾക്കകം പ്രവർത്തനമാരംഭിക്കുന്നതും ജോബ് പോർട്ടലിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമായി നടത്തുന്നതുമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്ഥലവും കെട്ടിടവും ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിനൽകാമെന്നുള്ള ത്രിതല പഞ്ചായത്തുകളുടെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് 39-ഓളം ഐ.റ്റി.ഐ.കൾ ആരംഭിച്ചതെന്നും എന്നാൽ ത്രിതല പഞ്ചായത്തുകൾ ഇക്കാര്യത്തിൽ അവരുടെ ബാധ്യതയിൽനിന്നും ഒഴിഞ്ഞുമാറുകയാണുണ്ടായതെന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഗവൺമെന്റിന്റെ ധനസ്ഥിതിയും കൂടി പരിഗണിച്ച് ആസ്തി വികസന ഫണ്ടും ഗവൺമെന്റ് വിഹിതവും കൂടി ചേർത്ത് കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. മെക്കാനിക്കൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പോഷകാഹാര പദ്ധതി

മൊത്തത്തിൽ വ്യാപിപ്പിച്ചിട്ടുണ്ട്. പട്ടികജാതി വകുപ്പിനുകീഴിൽ നിലവിലുള്ള 44 ഐ.റ്റി.ഐ.കളിൽ മികച്ച സൗകര്യങ്ങളൊരുക്കി പുതിയ കോഴ്സുകളാരംഭിച്ച് ശക്തിപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അറിയിച്ചു.

73(*632) <u>പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനം</u>

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങളായ അരുന്ധതിയാർ/ചക്ളിയൻ, നായാടി, വേടൻ, വേട്ടുവൻ, കള്ളാടി എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിന് 2.50 ലക്ഷം രൂപയും വീട് വയ്ക്കുന്നതിന് 2 ലക്ഷം രൂപയും ഉൾപ്പെടെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി 4.50 ലക്ഷം രൂപ ഓരോ ഗുണഭോക്താവിനും അനുവദിച്ചുവരുന്നതായി സഭയെ അറിയിച്ചു. ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് നൽകി വരുന്ന ധനസഹായം 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങൾക്ക് നൽകിവരുന്ന ധനസഹായവും ആനുപാതികമായി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ കുടിവെള്ളം, റോഡ്, വൈദ്യുതീകരണം എന്നിവയ്ക്കും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ, വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ തുടങ്ങി വകുപ്പ് നടപ്പിലാക്കുന്ന

വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങളും ഏറ്റവും ദുർബലരായ വിഭാഗങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്കായി 2013–14 വർഷം വകയിരുത്തിയ 15 കോടി രൂപയിൽ കൂടുതൽ ചെലവഴിക്കുകയും നടപ്പുസാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗത്തിന് സംവരണം നൽകുന്നതിനെതിരെ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിന്മേൽ റിവ്യൂ ഹർജി നൽകുന്ന കാര്യം ആലോചിക്കുന്നതാണ്. സ്വകാര്യവത്ക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ സ്വകാര്യ/സഹകരണ മേഖലകളിൽക്കൂടി സംവരണം ഏർപ്പെടുത്തി തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിന് പൊതുസമീപനം സ്വീകരിക്കുന്നതാണ്. ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തിനായി പ്രതിമാസ സ്റ്റൈപ്പന്റും പ്രീ–മെട്രിക് സ്കോളർഷിപ്പും നൽകിവരുന്നതുകൂടാതെ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. പട്ടിജാതി വിഭാഗത്തിൽപ്പെട്ട ഒരുലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് അവരുടെ പേരിൽ 50,000 രൂപ ബാങ്കിൽ നിക്ഷേപിക്കുന്ന 'വാത്സല്യ നിധി പദ്ധതി'ക്ക് രൂപം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് പട്ടികജാതി വിഭാഗങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതാണെന്നും കോളനിവത്ക്കരണം നിരുത്സാഹപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**74(*633)** <u>പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടി യിൽ, 24.02.2011-ൽ നിയമസഭ പാസ്സാക്കിയ കേരള പ്ലാച്ചിമട കൊക്കക്കോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രിബ്യൂണൽ ബിൽ രാഷ്ട്രപതിയുടെ പരി ഗണനയ്ക്കും അനുമതിക്കുമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചു കൊടുത്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത ബില്ലിനെ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് 17.11.2011, 03.07.2012, 21.11.2013 എന്നീ തീയതികളിൽ സംസ്ഥാന സർക്കാരിന്റെ വിശദീകരണ കത്തുകൾ ബഹുമാനപ്പെട്ട ഗവർണറുടെ ഓഫീസ് മുഖേന യഥാസമയം കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ബില്ലിന് അംഗീകാരം ലഭ്യമാക്കുന്നതിനായി സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തി ലേയ്ക്ക് അയയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ മുഖ്യമന്ത്രിയുമായി ആലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. വിൽപ്പന നികുതി അട യ്ക്കുന്നതിൽനിന്നും കൊക്കക്കോള കമ്പനി ഇളവ് നേടിയ വിധിക്കെതിരെ അപ്പീൽ പോകുന്ന കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**75(*544)** <u>ആയുർവേദ കോളേജിലെ സൗജന്യ ചികിത്സ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടി യിൽ, സർക്കാർ ആയുർവേദ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന 500/- രൂപയിൽ താഴെ മാസവരുമാനമുള്ള മുഴുവൻ രോഗികൾക്കും

എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 500 രൂപയിൽ കൂടുതൽ വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽനിന്നും 19.12.2011 മുതൽ ചികിത്സാ ഫീസ് ഈടാക്കിവരുന്നു. ആയുർവ്വേദ കോളേജുകളോടനുബന്ധിച്ച് സ്പോർട്സ് മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്ന കാര്യവും ചികിത്സാ രംഗത്ത് വയോജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യവും ആലോചിക്കുന്നതാണെന്നും ആശുപത്രികളിൽ ജീവനക്കാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിഹരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6702 മുതൽ 6965 വരെയുള്ള ചോദ്യങ്ങളിൽ 59 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി.)